**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി – ധനസഹായ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ. 146/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 29.07.2009

പരാമർശം:
1. 24.07.2007–ലെ സ.ഉ.(എം.എസ്) നമ്പർ.183/2007/തസ്വഭവ
2. 04.10.2007–ലെ സ.ഉ.(സാധാ) നമ്പർ 2712/2007/തസ്വഭവ
3. 06.02.2008–ലെ സ.ഉ.(എം.എസ്) നമ്പർ 34/2008/തസ്വഭവ
4. 11.07.2008–ലെ സ.ഉ.(എം.എസ്) നമ്പർ 199/2008/തസ്വഭവ
5. 19.08.2008–ലെ സ.ഉ.(എം.എസ്) നമ്പർ 226/2008/തസ്വഭവ
6. 11.11.2008–ലെ സ.ഉ.(സാധാ) നമ്പർ 3958/2008/തസ്വഭവ
7. 01.01.2009–ലെ സർക്കുലർ നമ്പർ 192/ഡി.ബി.1/2009/തസ്വഭവ
8. 11.06.2009–ലെ സർക്കുലർ നമ്പർ 78573/ഡി.ബി.1/08/തസ്വഭവ.
9. 13.07.2009–ലെ സ.ഉ.(എം.എസ്) നമ്പർ 52/2009/പജാ.പവ.വിവ
10. വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 17.02.2009, 29.06.2009, 23.07.2009 എന്നീ തീയതികളിലെ യോഗ തീരുമാനങ്ങൾ.

### ഉത്തരവ്

കേരളത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത/ഭവന രഹിത കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് നിലവിലുള്ള നിരക്കുകൾ ചുവടെ വിവരിക്കുന്നത് പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

**(എ) ഭവന നിർമ്മാണം**

- പൊതുവിഭാഗം – 75,000 രൂപ
- പട്ടികജാതി – 1,00,000 രൂപ
- പട്ടികവർഗ്ഗം – 1,25,000 രൂപ
- ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം – 1,00,000 രൂപ
- ആശ്രയ കുടുംബം – 1,25,000 രൂപ

(1) എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, ഇന്ദിരാ ഭവന പരിപാടി (ഐ.എ.വൈ) എന്നിവ ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ ഭവന പരിപാടികൾക്കും വർദ്ധിപ്പിച്ച നിരക്കുകൾ ബാധകമായിരിക്കും. സംസ്ഥാന/കേന്ദ്ര വിഹിതത്തിന് ഉപരിയായി നൽകേണ്ട തുക (അധികവിഹിതം) തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. ഐ.എ.വൈ. പദ്ധതിയുടെ അധികവിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25 : 50 : 25 എന്ന അനുപാതത്തിൽ വകയിരുത്തണം.

(2) നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന സംയോജിത ഭവന ചേരി വികസനം (ഐ.എച്ച്.എസ്.ഡി.പി), നഗരങ്ങളിലെ ദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ (ബി.എസ്.യു.പി) എന്നീ പരിപാടികളെ സംബന്ധിച്ചിടത്തോളം ആ പരിപാടി കൾക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് ബാധകമായിരിക്കും.

**(ബി) ഭവന നിർമ്മാണത്തിന് ഭൂമി**

(1) ഗുണഭോക്താവ് ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ നിരക്കുകൾ ചുവടെ വിവരിക്കുന്നതുപ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

(i) പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയ കുടുംബങ്ങൾ, റെയിൽവേ–റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർ മുതലായവർ.

- ഗ്രാമപഞ്ചായത്ത് – 75,000 രൂപ
- മുനിസിപ്പാലിറ്റി – 90,000 രൂപ
- കോർപ്പറേഷൻ – 1,00,000 രൂപ

(ii) മറ്റുള്ളവർ

- ഗാമപഞ്ചായത്ത് – 37,500 രൂപ
- മുനിസിപ്പാലിറ്റി – 45,000 രൂപ
- കോർപ്പറേഷൻ – 50,000 രൂപ

(2) മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരിധിക്ക് വിധേയമായ തുകയോ ആധാരപ്രകാരമുള്ള തുകയോ ഏതാണോ കുറവ് ആ തുക ഭൂമി വിൽക്കുന്ന ആളിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകണം.

(3) വാങ്ങുന്ന ഭൂമിയുടെ വിസ്തൃതി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് മൂന്ന് സെന്റും നഗരപ്രദേശത്ത് കുറഞ്ഞത് ഒന്നര സെന്റും ആയിരിക്കണം.

(4) ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ രീതിയിൽ വിലയ്ക്ക് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ചെലവുകൾ, ധനസഹായ തുകയ്ക്ക് ഉപരിയായി പ്രോജക്ട് വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

(5) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വാങ്ങുന്ന ഭൂമി കൈമാറ്റം ചെയ്യാതിരിക്കുന്നതിന് പരാമർശം 8 പ്രകാരം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ആധാരത്തിൽ ഉൾക്കൊള്ളിക്കേണ്ടതും 12 വർഷത്തേക്ക് ആധാരം തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

**(സി) മറ്റ് നിർദ്ദേശങ്ങൾ**

ഈ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ നിരക്കുകൾക്ക് 01.04.2009 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും ആ തീയതി മുതൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിക്കാവു ന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**അന്നമ്മ ഡാനിയേൽ**
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
9 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
10 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
15 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്